# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 26/09/ 2018


## സ്ക്കൂൾ പരിസരത്തുനിന്നും വൻതോതിൽ നിരോധിത പുകയില ഉത്പ്പന്നങ്ങൾ പിടികൂടി

ശക്തികുളങ്ങര പോലീസ് സ്റ്റേഷൻ അതിർത്തി പ്രദേശമായ തിരുമുല്ലാവാരം St ജോൺ സ്ക്കൂളിന് സമീപം ഷംസുദ്ദീൻ എന്നയാൾ നടത്തുന്ന കടയിൽ നിന്നും ശക്തികുളങ്ങര സബ്ബ് ഇൻസ്പെക്ടർ ആർ **രതീഷിന്റെ** നേതൃത്വത്തിൽ വൻതോതിലുള്ള നിരോധിത പുകയില ഉത്പ്പന്നങ്ങൾ പിടികൂടി. സിഗററ്റ്, ശംഭു തുടങ്ങിയ പുകയില ഉത്പന്നങ്ങൾ സ്ക്കൂൾ കുട്ടികൾക്ക് നല്കുന്നു എന്നുള്ള രക്ഷിതാക്കളുടെയും മറ്റും പരാതിയുടെ അടിസ്ഥാനത്തിൽ സ്ക്കൂൾ പരിസരം കേന്ദ്രീകരിച്ച് പോലീസ് നടത്തിയ രഹസ്യ നിരീക്ഷണത്തിന്റെ ഫലമായിട്ടാണ് ഇന്നലെ (26.09.18) രാത്രിയോടെ തിരുമുല്ലാവാരം St ജോൺസ് സ്ക്കൂളിന്റെ പരിസരത്ത് കളീലിൽ കിഴക്കതിൽ ഷംസുദ്ദീൻ എന്നയാൾ നടത്തുന്ന സ്റ്റേഷനറിക്കടയുടെ പരിസരത്തുനിന്നും ചാക്കു കെട്ടുകളിലായി സൂക്ഷിച്ചുവന്നതും വില്പ്പന നടത്തിവന്നതുമായ ശംഭു, സിഗററ്റ്, ബീഡി, പുകയില കെട്ടുകൾ , ചുക്ക നിറച്ച പായ്ക്കറ്റുകൾ തുടങ്ങിയ 50,000 രൂപാ വിലവരുന്ന പുകയില ഉത്പ്പന്നങ്ങളാണ് പിടികൂടിയത്. സ്ഥലത്തുനിന്നും കട ഉടമയായ ഷംസുദ്ദീനെ പോലീസ് അറസ്റ്റുചെയ്തു. സമീപ ദിവസങ്ങളിൽ ശക്തികുളങ്ങര പോലീസ് സ്റ്റേഷൻ അതിർത്തി പ്രദേശങ്ങളിൽ നിന്നും ലക്ഷങ്ങൾ വിലവരുന്ന നിരോധിത പുകയില ഉത്പ്പന്നങ്ങൾ സ്ക്കൂൾ പരിസരങ്ങളിൽ നിന്നുമായി പിടികൂടുകയും കട ഉടമകളെ അറസ്റ്റുചെയ്യുകയും ചെയ്തിരുന്നു. വരും ദിവസങ്ങളിലും സ്ക്കൂൾ പരിസരങ്ങൾ കേന്ദ്രീകരിച്ചുള്ള പരിശോധന തുടങ്ങുവെന്നും ശക്തികുളങ്ങര പോലീസ് സ്റ്റേഷൻ സബ്ബ് ഇൻസ്പെക്ടർ അറിയിച്ചു. പോലീസ് കഴിഞ്ഞ ദിവസം നടത്തിയ പരിശോധനയ്ക്ക് എസ് ഐ അനീഷ്, ഗ്രേഡ് എസ് ഐ രാധാകൃഷ്ണപിള്ള , ഏ എസ് ഐ സുഭാഷ് സി പി ഒ ഗിനീഷ്, എന്നിവർ നേതൃത്വം നല്കി .